പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 3009 — 10/03/2017 ൽ മറുപടിയ്ക്ക്

# കേരള സംസ്ഥാനത്തിന്റെ വിസ്തൃതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ.ശശി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) റവന്യൂ വകുപ്പ കണക്കനുസരിച്ച് കേരള സംസ്ഥാനത്തിന്റെ വിസ്തൃതി എത്രയെന്നും ആയതിൽ വനഭൂമി തുടങ്ങി പുറമ്പോക്കുഭൂമി ഉൾപ്പെടെ ഇനം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | (എ) നിലവിൽ ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ വിസ്തീർണ്ണം 38863 ചതുരശ്ര കിലോമീറ്റർ ആയി രേഖപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ റീസർവ്വേ പ്രവർത്തനങ്ങൾ പൂർത്തിയായാൽ മാത്രമേ സംസ്ഥാനത്തിന്റെ വനഭൂമി, പുറമ്പോക്കുഭൂമി തുടങ്ങിയവയുടെ കൃത്യമായ വിവരം ക്രോഡീകരിക്കുവാൻ സാധിക്കുകയുള്ളൂ. |
| (ബി) സംസ്ഥാനത്ത് ആകെ എത്ര വില്ലേജുകൾ (ജില്ല തിരിച്ച്) ഉണ്ട് എന്നും 1966 ൽ ആരംഭിച്ച റീസർവ്വേ പ്രകാരം ഇതുവരെ റീസർവ്വേ നടത്തിയ വില്ലേജുകൾ ഇവയിൽ ഡിജിറ്റലൈസേഷൻ പൂർത്തിയാക്കിയവ/അല്ലാത്തവ എത്ര എന്നും പരാതികൾ പരിഹരിച്ച് പൂർണ്ണമായും റീസർവ്വേ നടപടി പൂർത്തീകരിച്ച വില്ലേജുകൾ എത്ര എന്നും വ്യക്തമാക്കുമോ ; | (ബി) സംസ്ഥാനത്ത് ആകെ 1664 വില്ലേജുകൾ ഉണ്ട്. ജില്ല തിരിച്ചുള്ള വില്ലേജുകളുടെ വിവരങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.<br>റീസർവ്വേ പൂർത്തിയായതിൽ ഡിജിറ്റൈസേഷൻ പൂർത്തിയാക്കിയ വില്ലേജുകൾ- 655<br>റീസർവ്വേ പൂർത്തിയായതിൽ ഡിജിറ്റൈസേഷൻ പൂർത്തിയാക്കാനുള്ള വില്ലേജുകൾ- 229<br>റീസർവ്വേ പൂർത്തിയാക്കിയ വില്ലേജുകൾ- 884 |
| (സി) റീസർവ്വേ പൂർത്തീകരിക്കുന്നതിൽ നാളിതുവരെ വന്ന വീഴ്ചകളും പരിഹാരവും സംബന്ധിച്ച് ഈ സർക്കാർ എന്തെങ്കിലും പഠനം നടത്തിയോ എങ്കിൽ എന്ത് എന്നും വ്യക്തമാക്കുമോ; | (സി) ഇല്ല. |
| (ഡി) റവന്യൂ വകുപ്പ് സംസ്ഥാനത്തിന്റെ വിശദമായ രൂപരേഖ നാളിതുവരെ തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ട് എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ; | (ഡി) റീസർവ്വേ അവശേഷിക്കുന്ന മുഴുവൻ വില്ലേജുകളിലും സർവ്വേ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കിയിട്ടില്ല. നിലവിൽ റീസർവ്വേ ആരംഭിച്ചിട്ടുള്ള കാസറഗോഡ് ജില്ലയിലെ 10 വില്ലേജുകളിൽ വ്യക്തമായ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. പകർപ്പ് അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |

| | |
|---|---|
| (ഇ) ഇല്ലെങ്കിൽ വ്യക്തമായ രൂപരേഖ തയ്യാറാക്കുവാനും അതിനുശേഷം മാത്രം റീസർവ്വേ നടപടികൾ സമയബന്ധിതമായി പ്രഖ്യാപനം നടത്തി പൂർത്തീകരിക്കാനും എന്തു നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ ? | (ഇ) നിലവിൽ റീസർവ്വേ ആരംഭിച്ചിട്ടുള്ള കാസറഗോഡ് ജില്ലയിലെ 10 വില്ലേജുകളിലും ഇടുക്കി ജില്ലയിലെ റീസർവ്വേ പ്രവർത്തനത്തിലിരിക്കുന്ന 5 വില്ലേജുകളിലും, മറ്റ് ജില്ലകളിലെ റീസർവ്വേ പുരോഗതിയിലുള്ള 39 വില്ലേജുകളുടെ തുടർ നടപടികൾക്കും കൃത്യമായ രൂപരേഖ തയ്യാറാക്കി റീസർവ്വേ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്